**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - **01.07.2014**-ന ശേഷം വിരമിച്ച് പ്രീ-റിവൈസ്ഡ് സ്കെയിലിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർക്ക് പത്താം ശമ്പളപരിഷ്കരണത്തിന്റെ ഫലമായി പെൻഷനിൽ വരുന്ന കുറവ് പേഴ്സണൽ അലവൻസായി അനുവദിച്ച് നൽകി, ഉത്തരവ് പുറപ്പെടവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി)വകുപ്പ്**

**സ.ഉ.( അച്ചടി) നം. 59/2019/ധന** **തിരുവനന്തപുരം, തീയതി 22.05.2019**

---

പരാമർശം:- 1. 20.01.2016 ലെ സ ഉ (അ) 07/2016/ധന നമ്പർ ഉത്തരവ്
2. 20.01.2016 ലെ സ ഉ (അ) 09/2016/ധന നമ്പർ ഉത്തരവ്
3. 02.04.2016 ലെ സ ഉ (അ) 45/2016/ധന നമ്പർ ഉത്തരവ്
4. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.02.2019-ലെ OA 322/2018 കേസിൻമേലുള്ള വിധിന്യായം.

**<u>ഉത്തരവ്</u>**

1) **01.07.2014** മുതൽ പ്രാബല്യം നൽകികൊണ്ട് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ സംസ്ഥാനത്തെ ശമ്പള/പെൻഷൻ പരിഷ്കരണത്തിന് അനുമതി നൽകിയിരുന്നു. പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം **(1)** പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളവും പരാമർശം **(2)** പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷനും പരിഷ്കരിച്ചുകൊണ്ട് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) പ്രസ്തുത ഉത്തരവിൽ **01.07.2014**-ന ശേഷം വിരമിക്കുന്ന ജീവനക്കാരന്റെ പെൻഷൻ, പരിഷ്കരിച്ച ശമ്പള സ്കെയിലിൽ ശരാശരി വേതനം

കണക്കാക്കുകയും തുടർന്ന് പെൻഷൻ കണക്കാക്കുകയുമാണ്. മേൽ ഉത്തരവിൽ ശരാശരി വേതനം പുതിയ ശമ്പള സ്കെയിലിലും പഴയ ശമ്പള സ്കെയിലിലുമായി വരുന്നവർക്ക് **80%** ക്ഷാമബത്ത സാങ്കൽപ്പികമായ പഴയ ശമ്പളത്തിനൊപ്പം അധികമായി ചേർത്ത് ശരാശരി വേതനം കണക്കാക്കുന്നതിന് ഉത്തരവ് നൽകിയിരുന്നു. ഇത്തരത്തിൽ പെൻഷൻ കണക്കാക്കുമ്പോഴും പെൻഷനിൽ സാരമായ കുറവുണ്ടാവുന്നവർക്ക് പ്രസ്തുത പ്രശ്നത്തിന് പരിഹാരമായി പരാമർശ ഉത്തരവ് **(3)** പ്രകാരം **30** വർഷം സേവന ദൈർഘ്യമുള്ള ഒരു പെൻഷണർക്ക് ടിയാൻ വിരമിച്ച തസ്തികയുടെ പുതുക്കിയ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ **50%** തുക പെൻഷൻ അനുവദിക്കുന്നതിനും **30** വർഷത്തിൽ കുറവ് സേവന ദൈർഘ്യമുള്ളവർക്ക് ആനുപാതികമായി പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

**3) 01.07.2014-**നു ശേഷം വിരമിച്ച് പ്രീ-റിവൈസ്ഡ് സ്കെയിലിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന ഒരാൾക്ക്, **20.01.2016-**ലെ പത്താം ശമ്പളപരിഷ്കരണം **01.07.2014** മുതൽക്ക് പ്രാബല്യത്തിൽ വന്ന ഉത്തരവിന്റെ തുടർച്ചയായുള്ള പെൻഷൻ പരിഷ്കരണത്തിന്റെ പരിഷ്കരിച്ച സ്കെയിലിലേയ്ക്ക് പെൻഷൻ പരിഷ്കരിക്കുമ്പോൾ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷനിൽ കുറവ് സംഭവിക്കുന്നുവെന്ന് കാണിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും പരാമർശം **(4)** പ്രകാരം പരാതിക്കാരിയെ നേരിൽ

കേട്ടതിനുശേഷം ഉചിതമായ തീരുമാനമെടുക്കുകയോ പെൻഷനിൽ സംഭവിക്കുന്ന കുറവ് പേഴ്സണൽ അലവൻസായി നൽകി പരിഹരിക്കുന്നതിനോ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യങ്ങളെല്ലാം തന്നെ വിശദമായി പരിശോധിക്കുകയും ഒ എ 322/2018 കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.02.2019 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 01.07.2014-നു ശേഷം വിരമിച്ച് പ്രീ-റിവൈസ്ഡ് സ്കെയിലിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർക്ക് 20.01.2016-ലെ പത്താം പെൻഷൻ പരിഷ്കരണ ഉത്തരവിന്റെ ഫലമായി വാങ്ങിക്കൊണ്ടിരുന്ന പെൻഷനിൽ വരുന്ന കുറവ് തുക പേഴ്സണൽ അലവൻസായി അനുവദിച്ചും പ്രസ്തുത തുകയ്ക്ക് 01.07.2014 മുതൽ ക്ഷാമാശ്വാസം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**കെ. രാജശ്രീ.**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പ് തലവന്മാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
എല്ലാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി,എറണാകുളം
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ
എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (PEN-B1/36/2017-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ